ലേഖനം ● ഇബ്നു അഹ്മദ്

# ലക്ഷ്യം മതനിഷേധം തന്നെ

**മതങ്ങളിൽ ഉള്ള പ്രശ്നങ്ങൾ എല്ലാ വഴികളിലൂടെയും കണ്ടെത്തി അവതരിപ്പിക്കണമെന്നാണ് അധ്യാപക സഹായി ആവശ്യപ്പെടുന്നത്. മതവിശ്വാസികളായ കുട്ടികളോടാണ് ഈ പ്രവർത്തനങ്ങൾ നടത്താൻ ആവശ്യപ്പെടുന്നതെന്നോർക്കണം. നിഷേധാത്മക വശങ്ങൾ അഥവാ മതങ്ങളിലെ പ്രശ്നങ്ങൾ മാത്രം തെരയുന്ന കുട്ടികൾ എല്ലാവരും അവയെല്ലാം ക്ലാസ്സിൽ കൊണ്ടുവന്ന് അവതരിപ്പിക്കുന്നു. മതാടിസ്ഥാനത്തിൽ പേരുകൾ ഉള്ളവർ ചെയ്തതും മതത്തിന്റെ പേരിൽ ആരോപിക്കപ്പെടുന്നതും ഒക്കെയായ ക്രൂരതകളും പാതകങ്ങളും ക്ലാസ്സിൽ ചൊരിയുന്നു. ഈ അഭ്യാസം ചെയ്യുന്ന കുട്ടി എത്തിച്ചേരുന്ന നിഗമനമെന്തായിരിക്കും? ഇത്രയധികം പ്രശ്നങ്ങൾ സൃഷ്ടിക്കുന്നതാണോ ഞാനിത്രയും കാലം സത്യമെന്നു കരുതിയ എന്റെ മതം എന്ന് ഓരോ കുട്ടിയും ചിന്തിക്കും.**

**വിവാദമായിത്തീർന്ന** ഏഴാം ക്ലാസ്സിലെ സാമൂഹിക പാഠപുസ്തകത്തിൽ മതത്തെ നിഷേധിക്കുകയോ നിന്ദിക്കുകയോ ചെയ്യുന്നുണ്ടോ? ഒരിക്കലും ഇല്ല എന്ന് ഭരണ മുന്നണിയിലെ പ്രമുഖ കക്ഷികളുടെ നേതാക്കളായ വെളിയം ഭാർഗവനും പിണറായി വിജയനും അവരവരുടെ പാർട്ടി മുഖപത്രങ്ങളിൽ അടുത്തടുത്ത ദിവസങ്ങളിൽ (ജൂൺ 30, ജൂലൈ 1)എഴുതിയ ലേഖനങ്ങളിൽ ചൂണ്ടിക്കാണിക്കുന്നു.

കേരളത്തിലെ ഏതാണ്ടെല്ലാ എഴുത്തുകാരും പത്രമാധ്യമങ്ങളും ഇത് ഏറ്റു പറയുന്നു. തൃശൂരിൽ സാംസ്കാരിക നായകന്മാരുടെ കൂട്ടായ്മ നടത്തിയ പ്രസ്താവന പറയുന്നത് വർഗീയവാദികളുടെ സംഘങ്ങളാണ് ഈ ആരോപണം ഉന്നയിക്കുന്നതെന്നാണ്. പാഠപുസ്തകത്തെ എതിർക്കുന്നവർ വർഗീയവാദികളാണെന്ന് വിദ്യാഭ്യാസമന്ത്രി എം.എ ബേബിയും മുഖ്യമന്ത്രി അച്യുതാനന്ദനും പറയുന്നു. ചില ക്രിസ്ത്യൻ സഭകളും എൻ.ഡി.എഫിന്റെ മുഖപത്രമായ *തേജസും* പാഠപുസ്തകവിവാദം അനാവശ്യമാണെന്ന് പറയുന്നു. ഇടത് അനുകൂല മുസ്‌ലിം സംഘടനയായ എ.പി വിഭാഗം ഇതിനെതിരെ തൽക്കാലം സമരം ചെയ്യേണ്ടതില്ല എന്ന നിലപാടിലാണ്.

വാസ്തവത്തിൽ പാഠപുസ്തകത്തിൽ മതനിന്ദയുണ്ടോ? മതമില്ലാത്തവരെ ഉയർത്തിക്കാണിക്കുകയും മതമുള്ളവരെ ഇകഴ്ത്തിക്കാണിക്കുകയും ചെയ്യുന്നുണ്ടോ? വിവാദപാഠപുസ്തകവും അതിന്റെ അധ്യാപക സഹായിയും നിഷ്പക്ഷമായി പരിശോധിക്കുന്ന ഒരാൾക്ക് ലഭിക്കുന്ന സത്യസന്ധമായ ഉത്തരം ഉണ്ട് എന്നാണ്. പുതിയ പാഠ്യപദ്ധതിയിൽ പാഠപുസ്തകങ്ങൾ സൂചനകൾ മാത്രമാണ്. അധ്യാപക സഹായിയും ക്ലസ്റ്റർ മീറ്റിംഗുകളുമെല്ലാം ചേർന്നാണ് പൂർണമായ പാഠാവതരണം സാധ്യമാക്കുന്നത്.

## മതമില്ലാത്ത ജീവനും മതനിഷേധിയായ നെഹ്റുവും

മിശ്രവിവാഹിതരുടെ മകനായ മതമില്ലാത്ത/ നിരീശ്വരവാദിയായ ഒരാൾ സ്കൂൾ അഡ്മിഷൻ സമയത്ത് എന്തു സമീപനമാണ് സ്വീകരിക്കേണ്ടത് എന്നാണ് 'മതമില്ലാത്ത ജീവൻ' എന്ന ഭാഗം പഠിപ്പിക്കുന്നത്. യഥാർഥത്തിൽ ഈ പാഠഭാഗം കൊണ്ട് എന്താണുദ്ദേശിക്കുന്നത്? അധ്യാപക സഹായി ഈ പാഠഭാഗത്തെക്കുറിച്ച് വിശദീകരിക്കുന്നത് ഇതാണ്. 'വായന-പൊതുചർച്ച' എന്ന തലക്കെട്ടിൽ അധ്യാപക സഹായി പറയുന്നു: 'ജീവനെ പോലെ മതേതര ജീവിതം നയിക്കാൻ ശ്രമിക്കുന്ന ഒരാൾക്കോ നെഹ്റുവിനെപ്പോലെ മതേതര വിശ്വാസങ്ങൾ പുലർത്തുന്ന ഒരാൾക്കോ പൊതുജീവിതത്തിൽ ഏതെങ്കിലും തരത്തിലുള്ള പ്രയാസങ്ങൾ നേരിടാൻ സാധ്യത ഉണ്ടോ? വായനക്ക് ശേഷം അധ്യാപകൻ ഈചോദ്യം ഉന്നയിക്കുന്നു. പ്രതികരണങ്ങൾ വ്യക്തിഗതമായി നോട്ടു പുസ്തകത്തിൽ കുറിക്കാൻ നിർദേശിക്കുന്നു. അഭിപ്രായങ്ങൾ പൊതുചർച്ചയിൽ ഉന്നയിക്കാൻ ആവശ്യപ്പെടുന്നു (പേജ് 60).

ജീവനെ മതമില്ലാത്തവനായും നെഹ്റുവിനെ നിരീശ്വരവാദിയായും പാഠപുസ്തകത്തിൽ വായിച്ച് അറിഞ്ഞതിനു ശേഷമാണ് അധ്യാപക സഹായിയിലെ ഈ ചോദ്യം. പാഠപുസ്തകവും അധ്യാപക സഹായിയും ചേർത്തു വായിക്കുമ്പോൾ ബോധ്യമാവുന്നതെന്താണ്?

മതേതര ജീവിതം നയിക്കണമെങ്കിൽ ഒന്നുകിൽ മതമില്ലാത്ത ജീവനെപ്പോലെയാകണം. അല്ലെങ്കിൽ മതേതര വിശ്വാസിയായ, അഥവാ നിരീശ്വരവാദിയായ നെഹ്റുവിനെപ്പോലെയാവണം. മതേതരനാവുക എന്നാൽ മതമില്ലാത്തവനാവുക അഥവാ മതനിഷേധിയാവുക

തന്നെ വേണമെന്നാണ് ഇതിനർഥം. മതമുള്ളവൻ അഥവാ മതവിശ്വാസിക്ക് മതേതര വിശ്വാസിയാവാൻ സാധ്യമല്ല എന്ന് ഇവിടെ തുറന്നു പറയുന്നു.

ഇങ്ങനെയുള്ളവർക്ക് ജീവിതത്തിൽ എന്തെങ്കിലും പ്രയാസങ്ങൾ അനുഭവപ്പെടുന്നുണ്ടോയെന്നാണ് അധ്യാപക സഹായി ചോദിക്കുന്നത്. തികച്ചും വിചിത്രമായ ചോദ്യം. മിശ്ര വിവാഹിതനോ മതരഹിതനോ നമ്മുടെ സമൂഹത്തിൽ യാതൊരു പ്രയാസവുമില്ലെന്ന് ഏവർക്കുമറിയാം. എന്നല്ല, അവർക്ക് വിവിധതരം ആനുകൂല്യങ്ങൾ ഉണ്ടുതാനും. അപ്പോൾ അവരുടെ പ്രയാസമകറ്റാനുള്ള സാഹചര്യമൊരുക്കാൻ വേണ്ടിയല്ല ഈ ചോദ്യം. പിന്നെ എന്തിനാണിത്? ഇതിന്റെ ഉത്തരം അധ്യാപക സഹായി തന്നെ തുടർന്നു പറയുന്നത് കാണുക: 'യാത്രയിലോ വിദ്യാഭ്യാസത്തിനോ ജോലി നേടുന്നതിനോ കുടുംബജീവിതം നയിക്കുന്നതിനോ യാതൊരുവിധ പ്രയാസവും നേരിടാൻ ഇടയില്ല. ഈ ആശയങ്ങളിൽ അധ്യാപകൻ പൊതുചർച്ച ക്രോഡീകരിക്കുന്നു' (പേജ് 60).

നിരീശ്വരവാദിയായ നെഹ്റുവിനെയും മതമില്ലാത്ത ജീവനെയും ഉദാഹരിച്ചുകൊണ്ട് അത്തരമാളുകൾക്ക് ജീവിക്കാൻ യാതൊരു പ്രയാസവുമില്ല എന്ന് മതവിശ്വാസികൾ ഉൾപ്പെടുന്ന പൊതുസമൂഹത്തിന്റെ പ്രതിനിധിയായ സർക്കാർ, ഭൂരിപക്ഷവും മതവിശ്വാസികളായ കുട്ടികളോട് പറയുന്നതിന്റെ അർഥമെന്താണ്? ഇത് മതനിഷേധത്തിന്റെ പ്രചാരണമല്ലാതെ മറ്റെന്താണ്? സത്യസന്ധമായും നിഷ്പക്ഷമായും പാഠപുസ്തക ഭാഗവും അതു സംബന്ധിച്ച അധ്യാപക സഹായിയിലെ നിർദേശങ്ങളും വായിക്കുന്ന ഒരാൾക്ക് മനസ്സിലാവുക, സർക്കാർ കൃത്യമായും മതനിഷേധത്തിന്റെ പ്രചാരണം നടത്തുകയാണെന്നുതന്നെയാണ്. പാഠപുസ്തകത്തിലും അധ്യാപക സഹായിയിലും മതനിരാസത്തിന്റെ സർക്കാർ വക പരസ്യം പതിച്ചിരിക്കുന്നു!

പിണറായി വിജയൻ ചോദിക്കുന്നു: 'ഇഷ്ടമുള്ള മതം തെരഞ്ഞെടുത്തുകൊള്ളട്ടെ എന്നു പറയുന്നിടത്ത് എന്ത് മതവിരുദ്ധതയാണ് കുടികൊള്ളുന്നതെന്ന് ഇതിനെ എതിർക്കുന്നവർ വ്യക്തമാക്കേണ്ടതുണ്ട്. ഏത് മതത്തിലും വിശ്വസിക്കാനും വിശ്വസിക്കാതിരിക്കാനും ഭരണഘടന സ്വാതന്ത്ര്യം നൽകുന്നുണ്ട്.അത്തരം ജീവിതത്തെ പരിചയപ്പെടുത്തുന്ന ജനാധിപത്യപരമായ ഇടപെടൽ എങ്ങനെ മതവിരുദ്ധമാവും? അങ്ങനെയെങ്കിൽ ഇന്ത്യൻ ഭരണഘടനതന്നെ മതവിരുദ്ധമാണെന്ന് പറയേണ്ടിവരില്ലേ?' (*ദേശാഭിമാനി* ജൂലൈ 1).

അതെ സാർ, വിശ്വസിക്കാതിരിക്കുന്നവന്റെ ജീവിതത്തെ ഭാവനാപൂർണമായി പരിചയപ്പെടുത്തുന്ന അധ്യാപക സഹായി, വിശ്വസിക്കുന്നവന്റെ ജീവിതത്തെ എങ്ങനെയാണ് കൈകാര്യം ചെയ്യുന്നതെന്നു നോക്കൂ.

അധ്യാപക സഹായിയിലെ പ്രവർത്തനം 6 അസൈൻമെന്റ് പറയുന്നതു നോക്കുക: 'കുട്ടികളുടെ സ്വന്തം അഭിപ്രായത്തിലും അന്വേഷണത്തിലൂടെയും വായനയിലൂടെയും ദൃശ്യമാധ്യമങ്ങൾ വഴിയും ലഭിക്കുന്ന വിവരങ്ങളുടെ അടിസ്ഥാനത്തിൽ മതങ്ങളിൽ ഉണ്ട് എന്ന് അവർ കരുതുന്ന പ്രശ്നങ്ങൾ ഒരു കുറിപ്പായി എഴുതിവരാൻ ആവശ്യപ്പെടുന്നു. എട്ടോ പത്തോ പേർക്ക് ക്ലാസ്സിൽ അവതരിപ്പിക്കാനും അധ്യാപകന്റെ നിയന്ത്രണത്തോടു കൂടിയ പൊതു ചർച്ചക്കും അവസരം നൽകണം' (പേജ് 60).

മതങ്ങളിൽ ഉള്ള പ്രശ്നങ്ങൾ എല്ലാ വഴികളിലൂടെയും കണ്ടെത്തി അവതരിപ്പിക്കണമെന്നാണ് ഇവിടെ ആവശ്യപ്പെടുന്നത്. മതവിശ്വാസികളായ കുട്ടികളോടാണ് ഈ പ്രവർത്തനങ്ങൾ നടത്താൻ ആവശ്യപ്പെടുന്നതെന്നോർക്കണം. നിഷേധാത്മക വശങ്ങൾ അഥവാ മതങ്ങളിലെ പ്രശ്നങ്ങൾ മാത്രം തെരയുന്ന കുട്ടികൾ എല്ലാവരും അവയെല്ലാം ക്ലാസ്സിൽ കൊണ്ടുവന്ന് അവതരിപ്പിക്കുന്നു. മതാടിസ്ഥാനത്തിൽ പേരുകൾ ഉള്ളവർ ചെയ്തതും മതത്തിന്റെ പേരിൽ ആരോപിക്കപ്പെടുന്നതും ഒക്കെയായ ക്രൂരതകളും പാതകങ്ങളും ക്ലാസ്സിൽ ചൊരിയുന്നു. ഈ അഭ്യാസം ചെയ്യുന്ന കുട്ടി എത്തിച്ചേരുന്ന നിഗമനമെന്തായിരിക്കും? ഇത്രയധികം പ്രശ്നങ്ങൾ സൃഷ്ടിക്കുന്നതാണോ ഞാനിത്രയും കാലം സത്യമെന്നു കരുതിയ എന്റെ മതം എന്ന് ഓരോ കുട്ടിയും ചിന്തിക്കും.

ഈ അഭ്യാസത്തിന് നിരന്തര മൂല്യനിർണയത്തിന്റെ പോയിന്റ് നൽകേണ്ടതെങ്ങനെയെന്നും അധ്യാപക സഹായി തുടർന്നു പറയുന്നു. വിവരശേഖരണത്തിലെ മികവിനും (കുറിപ്പിന്റെ സമഗ്രതക്ക്) സ്വന്തം വാദമുഖങ്ങളെ സമർഥമായി അവതരിപ്പിക്കുന്നവർക്കുമാണ് പോയിന്റ്. എന്നു വെച്ചാൽ മതവിശ്വാസിയായ കുട്ടി സ്വന്തം മതത്തിലേതടക്കമുള്ള പ്രശ്നങ്ങൾ കണ്ടെത്തിയാൽ മാത്രം പോരാ, അത് സമർഥമായി അവതരിപ്പിക്കുക കൂടി വേണം.

പാഠപുസ്തകത്തിന്റെ അടിസ്ഥാനത്തിൽ, വിശ്വസിക്കുന്നവനെയും വിശ്വസിക്കാത്തവനെയും അധ്യാപക സഹായി എങ്ങനെയാണ് കൈകാര്യം ചെയ്യുന്നതെന്ന്, മതമുള്ളവരെയും ഇല്ലാത്തവരെയും ഒരുപോലെ പരിഗണിക്കുന്നവരെന്ന് സ്വയം വീമ്പിളക്കുന്ന പിണറായിയും വെളിയവും അറിയാത്തതല്ല. മറച്ചുവെച്ചും ഒളിച്ചു കടത്തിയുമാണ് പരിഷത്ത് പണ്ഡിതർ പലപ്പോഴും സ്വന്തം അജണ്ടകൾ നടപ്പാക്കുന്നതെന്ന് കേരളീയർ ഒരിക്കൽ തിരിച്ചറിഞ്ഞതാണ്. ഇതേ വിദ്യ തന്നെയാണ് വ്യാഖ്യാനക്കസർത്തുകൊണ്ട്, മതനിരാസമില്ല എന്ന് വ്യാഖ്യാനിച്ചൊപ്പിക്കാൻ കഴിയുന്ന പാഠപുസ്തക ഭാഗത്തിന്റെ വായനയുമായി ഊരുചുറ്റുന്ന മന്ത്രി ബേബിയും പരിഷത്ത് ശിഷ്യരും ചെയ്തുകൊണ്ടിരിക്കുന്നത്. പാഠപുസ്തകം പോലെ സർക്കാർ തന്നെ അടിച്ചിറക്കിയ അധ്യാപക സഹായിയുപയോഗിച്ച് തങ്ങളുടെ താൽപര്യങ്ങൾക്കനുസരിച്ച് ഇഷ്ടമുള്ളത് പഠിപ്പിക്കാമെന്ന് അവർ കരുതുന്നു. ഇതൊന്നും മനസ്സിലാക്കാൻ കഴിയാത്ത ഭോഷന്മാരാണ് കേരളീയരെന്ന് പരിഷത്ത് കരുതുന്നുവെങ്കിൽ അതവരുടെ അൽപത്തം മാത്രമാണ്.

## മതേതരത്വത്തിന്റെ നിഷേധം

പ്രശ്നങ്ങൾ സൃഷ്ടിക്കുന്നത് മതങ്ങളോ മതവിശ്വാസികളോ അല്ല. മതത്തിന്റെ ലേബലുള്ളവർ പ്രശ്നങ്ങൾ സൃഷ്ടിക്കുന്നുണ്ട്. എന്നാൽ, മതരഹിത ദർശനങ്ങളും സമൂഹങ്ങളുമാണ് ലോകത്ത് ഏറ്റവുമധികം പ്രശ്നകാരികൾ. ഇരു ലോക യുദ്ധങ്ങളും ആറ്റംബോംബും സ്റ്റാലിനിസ്റ്റ് -കിഴക്കൻ യൂറോപ്യൻ കമ്യൂണിസ്റ്റ് കൂട്ടക്കൊലകളും അഫ്ഗാൻ, ഇറാഖ്, ഇറാൻ വരെയെത്തുന്ന ആക്രമണങ്ങളും അധിനിവേശങ്ങളും തുടങ്ങി കണ്ണൂരിലേത് അടക്കമുള്ള കൊലപാതക പരമ്പരകളും പാർട്ടി ഗ്രാമങ്ങളും പാർട്ടിക്കാരനല്ലാത്തതിന്റെ പേരിലുള്ള വിവേചനങ്ങളും ബന്ദുകളും അഴിമതിയും മൂലമ്പിള്ളി, ചെങ്ങറ, നന്ദിഗ്രാം, സിംഗൂർ പോലെ വികസനത്തിന്റെ പേരിലുള്ള അടിച്ചമർത്തലുകളും വരെ മതരഹിതരുടെ സംഭാവനകളാണ്. വസ്തുത ഇതായിരിക്കെ മതരഹിത പാർട്ടികളും ജനതകളും സൃഷ്ടിക്കുന്ന പ്രശ്നങ്ങൾ അന്വേഷിക്കാനും പട്ടികപ്പെടുത്താനും ചർച്ച ചെയ്യാനും എന്തുകൊണ്ട് ആവശ്യപ്പെടുന്നില്ല?

മതമില്ലാത്തവരെ മഹത്ത്വവത്കരി

ക്കുന്നതും മതങ്ങളെ മുഴുവൻ പ്രശ്നകാരികളായി അവതരിപ്പിക്കുന്നതും ഇന്ത്യൻ മതേതരത്വത്തിന്റെ നിഷേധമാണ്. പുതിയ പാഠപുസ്തകത്തിൽ മതമുള്ളവരോടും ഇല്ലാത്തവരോടുമുള്ള ഇരട്ട സമീപനം വളരെ വ്യക്തമാണ്. അതുകൊണ്ടാണ് അത് മതനിരപേക്ഷതക്ക് വിരുദ്ധമാവുന്നത്.

പാഠപുസ്തകത്തിൽ മതം ചർച്ച ചെയ്യുന്നിടത്തെല്ലാം അതിനോടുള്ള മാർക്സിയൻ നിഷേധാത്മകത തെളിഞ്ഞു കാണാം. ഉദാഹരണം, വസ്ത്രധാരണം. ഇതു സംബന്ധിച്ച് അധ്യാപക സഹായി പറയുന്നു: 'വിശ്വാസത്തിന്റെ പേരിൽ വസ്ത്രധാരണത്തിൽ സ്ത്രീകൾക്ക് ചില മേഖലകളിലെങ്കിലും നിയന്ത്രണങ്ങൾ നിലനിൽക്കുന്നുണ്ട്' ഈ ആശയം വരത്തക്കവിധത്തിൽ അധ്യാപകൻ ചർച്ചയെ ക്രോഡീകരിക്കണം (അധ്യാപക സഹായി പേജ് 59, പ്രവർത്തനം 5). ഈ പ്രവർത്തനത്തിന്റെ ഉദ്ദേശ്യമെന്താണ്? ഇന്ന് കേരളത്തിൽ ജനങ്ങളുടെ വസ്ത്രധാരണം ഒരു സാമൂഹിക പ്രശ്നമാണോ? ഒരിക്കലുമല്ല. എന്നാൽ ഇതൊരു പ്രശ്നമാക്കിയെടുക്കാൻ ശ്രമിക്കുന്ന ചിലർ കേരളത്തിലുണ്ട്. ഇഷ്ടമുള്ള മതം സ്വീകരിക്കുകയും അതനുശാസിക്കുന്ന വസ്ത്രം ധരിക്കുകയും ചെയ്തു എന്ന പേരിൽ വിദ്യാഭ്യാസവും തൊഴിലും അടക്കമുള്ള പൗരാവകാശങ്ങൾ നിഷേധിക്കുന്ന ചില പാശ്ചാത്യ നാടുകളുണ്ട്. അവയെ അനുകരിക്കുന്ന തുർക്കി പോലുള്ള പൗരസ്ത്യ നാടുകളുമുണ്ട്. വ്യക്തിയുടെ മൗലികാവകാശങ്ങൾ പോലും നിഷേധിക്കുന്ന മതേതര ഭീകരതയാണവിടെ സാമൂഹിക പ്രശ്നമായിത്തീർന്നിരിക്കുന്നത്. മതത്തിനെതിരെയുള്ള തീവ്രവാദം കേരളത്തിൽ ഇറക്കുമതി ചെയ്യണമെന്നാണ് ചിലരുടെ പൂതി. അതിനു വേണ്ടിയാണ് വസ്ത്രധാരണത്തെ പ്രശ്നവത്കരിക്കുന്നത്.

മതത്തെയും വിശ്വാസികളെയും ഇങ്ങനെ താറടിക്കുന്നതുകൊണ്ട് അവക്കൊന്നും സംഭവിക്കാൻ പോവുന്നില്ല. അങ്ങനെയായിരുന്നെങ്കിൽ സോവിയറ്റ്, ചൈനീസ്, കിഴക്കൻ യൂറോപ്യൻ സമഗ്രാധിപത്യത്തിൻ കീഴിൽ മതം പേരു പോലും അവശേഷിക്കാതെ നശിക്കേണ്ടതായിരുന്നു. പകരം അവിടെ നശിച്ചത് കമ്യൂണിസം തന്നെയായിരുന്നുവെന്നത് ചരിത്ര സത്യം. എന്നാൽ, നമ്മളിവിടെ ഒരു ജനാധിപത്യ സംവിധാനത്തിലാണ്. ജനാധിപത്യത്തിൽ ഇങ്ങനെ അതീവ ന്യൂനപക്ഷ വിഭാഗമായ ഒരു സംഘത്തെ മാത്രം മഹത്ത്വവത്കരിക്കുന്നതും ഭൂരിപക്ഷത്തെ അപമാനിക്കുന്നതും നീതീകരിക്കാൻ സാധ്യമല്ല. ഇതൊരു ജനാധിപത്യ സർക്കാറാണെന്ന് കമ്യൂണിസ്റ്റ് സഖാക്കൾ ഇടക്കിടെ മറന്നു പോവുന്നുവെങ്കിൽ അതൊരു ഗുരുതരമായ രോഗമാണ്.

അനേകം ഗൗരവമേറിയ സാമൂഹിക പ്രശ്നങ്ങൾ പാഠപുസ്തകം ചർച്ച ചെയ്യുന്നു. പിന്നാക്ക വിഭാഗങ്ങളുടെ തമസ്കരിക്കപ്പെട്ട ചരിത്രങ്ങൾ വെളിച്ചത്തുകൊണ്ടുവരുന്നു. വർഗീയതക്കും ജാതീയതക്കും എതിരായ നിലപാടെടുക്കുന്നു. സാമൂഹിക തിന്മകൾക്കെതിരെയും പാരിസ്ഥിതിക, വികസന പ്രശ്നങ്ങൾക്കെതിരെയും നിലപാട് സ്വീകരിക്കുന്നു. ഇങ്ങനെയുള്ള മികച്ചൊരു പാഠപുസ്തകത്തെ പ്രത്യയശാസ്ത്രപക്ഷപാതിത്വങ്ങളും മുൻവിധികളും വികലമാക്കിയെന്നത് സങ്കടകരമാണ്. ■